2026 SEP 15

# The current.

Light Upon Light

Volume 01 | Issue 02 | Tuesday

Official Newsletter of the SAMASTHA National Education Council (SNEC) I Under Samastha Kerala Islam Matha Vidhyabhyasa Board (SKIMVB)




## യൗമുൽ ഇബ്ദാഅ്; ക്രിയാത്മകതയുടെ പുതുവസന്തവുമായി എസ്.എൻ.ഇ.സി വിദ്യാർഥികൾക്ലാസ് മുറികൾക്കപ്പുറം സ്വപ്നങ്ങൾക്ക് ചിറകുമുളച്ച ദിനം

**വെളിമുക്ക് (മലപ്പുറം):** അറേബ്യയിലെ അറാക്കിലൊരു അരാസ്റ്റിക് ടൂത്ത് ബ്രഷ്, പ്രവാസികൾക്ക് ജനാധിപത്യത്തിന്റെ ഭാഗമാകാനുള്ള പോളിങ് സ്റ്റേഷൻ, ചിത്രത്തിലൂടെ ദേശീയ ഗാനത്തിന്റെ ആശയം, തെരുവ് നായ്ക്കളെ ഉപദ്രവിക്കാതെ ഓടിക്കുന്ന സ്മാർട്ട് വാച്ച്... വാനരശല്യത്തിന് മങ്കീബസ്....

എട്ടാം ക്ലാസ് മുതൽ കോളജ് തലം വരെയുള്ള എസ്.എൻ.ഇ.സി വിദ്യാർഥികൾ ക്ലാസ് മുറികൾ ക്കപ്പുറത്തേക്ക് സ്വപ്നങ്ങൾക്ക് ചിറക് മുളപ്പിച്ച പ്പോൾ വിഞ്ഞത് ക്രിയാത്മകതയുടെ പുതുവസ ന്തം. സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെ വിദ്യാർഥികൾ കോ-കരിക്കുലർ പ്രവർത്തങ്ങളു ടെ ഭാഗമായി തയാറാക്കിയ യൗമുൽ ഇബ്ദാ (ഡേ ഓഫ് ക്രിയേറ്റിവിറ്റി) പ്രൊജക്ടുകളുടെ കേന്ദ്രീ കൃത മത്സരമാണ് ശ്രദ്ധേയമായത്. വിദ്യാർഥി വിദ്യാർഥിനികളിൽ ക്രിയാത്മകത വളർത്തുക, പുതിയ കണ്ടുപിടുത്തങ്ങൾക്ക് സാഹചര്യമൊരുക്കുക, തുടങ്ങിയവ ലക്ഷ്യമാക്കിയാണ് പരിപാടി സംഘടിപ്പിച്ചത്.

ടെക്നോളജി, മാത്തമാറ്റിക്സ്, സോഷ്യൽ സയൻസ്, ഇസ്ലാമിക് സ്റ്റഡീസ്, ഭാഷയും സാഹിത്യവും, പരിസ്ഥിതി പഠനം, ഹെൽത്ത് ആൻഡ് ഹൈജീൻ, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് തുടങ്ങിയ മേഖലകളെ കേന്ദ്രീകരിച്ച് ശരീഅ, ഷീ, ശരീഅ പ്ലസ്, ഷീ പ്ലസ് അഫിലിയേറ്റഡ് സ്ഥാപനങ്ങളിൽ മത്സരം സംഘടിപ്പിച്ചിരുന്നു. എ പ്ലസ് ഗ്രേഡ് നേടിയ നേടിയ 67 പ്രൊജക്ടുകളാണ് കേന്ദ്രീകൃത മത്സരത്തിൽ അവതരിപ്പിച്ചത്.

വർക്കിങ് മോഡലുകൾ, സ്റ്റിൽ മോഡലുകൾ, വെബ്സൈറ്റ്, ആപ്ലിക്കേഷൻ, ഇ ബുക്ക്, റിസർച്ച് റിപ്പോർട്ട്, പോഡ്കാസ്റ്റുകൾ തുടങ്ങി ടെക്നിക്കൽ, നോൺ ടെക്നിക്കൽ കാറ്റഗറിയിലുള്ള പ്രൊജക്ടുകളാണ് വിദ്യാർഥികൾ സമർപ്പിച്ചത്.

രാവിലെ ആരംഭിച്ച പ്രോഗ്രാമിൽ വിവിധ സ്ട്രീമുകളിലെ വിദ്യാർഥികൾ പ്രോജക്ടുകൾ അവതരിപ്പിച്ചു. തുടർന്ന് വിജയിച്ചവർക്കുള്ള അവാർഡും സർട്ടിഫിക്കറ്റും വിതരണം ചെയ്തു. അനുമോദന സമാപന സംഗമം ടി.വി ഇബ്രാഹിം എം.എൽ.എ ഉദ്ഘാടനം ചെയ്തു. യൗമുൽ ഇബ്ദാ ഇവന്റ് വെബ്സൈറ്റും അദ്ദേഹം ലോഞ്ച് ചെയ്തു.

സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ (എസ്.എൻ.ഇ.സി) അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽ ക്രിയാത്മകത വളർത്തുക, പരിപോഷിപ്പിക്കുക, വ്യത്യസ്ത മേഖലകളിൽ പുതിയ കണ്ടുപിടുത്തങ്ങൾക്ക് സാഹചര്യമൊരുക്കുക, നാടിനും സമൂഹത്തിനും ഉപകാരപ്രദമായ കാര്യങ്ങൾ നൽകുക തുടങ്ങിവ ലക്ഷ്യമാക്കിക്കൊണ്ടാണ് യൗമുൽ ഇബ്ദാ' സംഘടിപ്പിച്ചത്. 2026 ഓഗസ്റ്റ് 12 ബുധൻ രാവിലെ 09:30 AM മുതൽ മലപ്പുറം വെളിമുക്ക് ക്രസന്റ് എസ്.എൻ.ഇ.സി ഷീ ക്യാംപസിൽ നടന്ന പ്രോഗ്രാമിൽ അഫിലിയേറ്റഡ് സ്ഥാപങ്ങളിൽ നിന്ന് A+ ഗ്രേയ്ഡ് ലഭിച്ച പ്രൊജക്റ്റുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 67 പ്രോജക്ടുകളിൽ നിന്ന് ശരീഅ 14, ഷീ 32, ശരീഅ പ്ലസ് 6, ഷീ പ്ലസ് 10 എന്നിങ്ങനെ 62 പ്രൊജെക്ടുകളാണ് കേന്ദ്രീകൃത മത്സരത്തിൽ അവതരിപ്പിച്ചത്.

ശരീഅ സ്ട്രീമിൽ വിജയികളായി ഹാദി ഷഹാം, എം മുസമ്മിൽ (ലിവാ ഉൽ ഹുദാ ഇസ്‌ലാമിക് കോംപ്ലക്സ്, കീഴ്പ്പറമ്പ, മലപ്പുറം), അബ്ദുൽ റഹ്മാൻ തംജീദ്, മുഹമ്മദ് ആഷിഖ്, മുഹമ്മദ് ശമ്മാസ് (ഇമാം ഷാഫി ഇസ്‌ലാമിക് അക്കാദമി കുമ്പള, കാസർഗോഡ്), ഷീ സ്ട്രീമിൽ ഫാത്തിമ സനിയ്യ, ഫാത്തിമത്ത് തൻസീമ, നജ് വ കെ, ഫാത്തിമ സി.എ, ഖദീജ ഫാഹിമ, ആയിഷ നാഫിയ സി.എ (ഇമാം ഷാഫി ഷീ ക്യാംപസ്, കുമ്പള, കാസർഗോഡ്), ശരീഅ പ്ലസ് സ്ട്രീമിൽ അബ്ദുൽ ഹസീബ് എ, മുഹമ്മദ് ഷഹ്സാദ്, അഹമ്മദ് ശറഫുദ്ധീൻ (ഇമാം ഷാഫി ഇസ്‌ലാമിക് അക്കാദമി കുമ്പള, കാസർഗോഡ്), മുഹമ്മദ് ഹിശാം എൻ.എസ്, മുഹമ്മദ് നഈം പി.പി, ഹഫീസ് മുഹമ്മദ് പി (നൂറുൽ ഹുദ എജ്യുക്കേഷൻ സെന്റർ, ചെറുതുരുത്തി, തൃശൂർ), ഷീ പ്ലസ് സ്ട്രീമിൽ ഫാത്തിമ ജെബി കെ, ഫാത്തിമ ഫർഹാന, സ്വാലിഹ, ഫാത്തിമ സഹ്റ, ഫാത്തിമ നജ, ആയിഷ ഫാത്തിമ, സയ്യിദ ഫാത്തിമ ഷദ (ശംസുൽ ഉലമ വിമൻസ് അക്കാദമി, കുറ്റിക്കാട്ടൂർ, കോഴിക്കോട്) വിജയികളായി. ജൂറി പാനൽ അംഗങ്ങളായി ഡോ. ജാബിർ കെ.ടി ഹുദവി, ഡോ. അബ്ദുൽ കരീം ടി, അബ്ദുൽ ഹകീം ഫൈസി തോട്ടര, ഡോ. ഇ.കെ സിമിൽ റഹ്മാൻ വിധിനിർണയം നടത്തി.

സമസ്ത മാനേജർ കെ.മോയിൻ കുട്ടി മാസ്റ്റർ അധ്യക്ഷനായി. എസ്.ഐ.സി സഊദി നാഷണൽ കമ്മിറ്റി ചെയർമാൻ സൈദു ഹാജി മുന്നിയൂർ മുഖ്യാതിഥിയായി. യൗമുൽ ഇബ്ദാ ബുക്ക് ഓഫ് റെക്കോഡ്സ് പ്രകാശനവും നടന്നു. ജൂറി പാനൽ അംഗം സമസ്ത ഇ ലേണിംഗ് അഡ്മിനിസ്ട്രേറ്റർ അബ്ദുൽ ഹകീം ഫൈസി പ്രോജക്ടുകൾ പരിചയപ്പെടുത്തി. ഡീൻ ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ ഡോ. ഷഫീഖ് റഹ്മാനി വഴിപ്പാറ, ഷഫീർ റഹ്മാനി, മൂന്നിയൂർ പഞ്ചായത്ത് മുസ്ലിംലീഗ് ജന.സെക്രട്ടറി ഷംസുദ്ധീൻ വെളിമുക്ക് സംസാരിച്ചു.

## സുഹ്ബ മജ്ലിസ് സംഘടിപ്പിച്ചു.

RABEEH CAMPAIGN 2026



**കോഴിക്കോട്:** സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ (എസ്.എൻ.ഇ.സി) റബീഹ് ക്യാംപയിൻ "കമാലിയത്ത്" നോട് അനുബന്ധിച്ച് സുഹ്ബ മജ്ലിസ് സംഘടിപ്പിച്ചു. കോഴിക്കോട് വുഡീസ് ഹോട്ടലിൽ നടന്ന പരിപാടിയിൽ സമസ്ത പ്രസിഡന്റും എസ്.എൻ.ഇ.സി ചെയർമാനുമായ സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ നേതൃത്വം നൽകി. എസ്.എൻ.ഇ.സി അഫിലിയേറ്റഡ് സ്ഥാപനങ്ങളിൽനിന്ന് പഠനം പൂർത്തീകരിച്ച വിദ്യാർത്ഥികളുടെ കൂട്ടായ്മ എസ്.എൻ.ഇ.സി അലുംനി ഓർഗനൈസേഷൻ 2026-28 വർഷത്തെ മെമ്പർഷിപ്പ് ക്യാമ്പയിനും തങ്ങൾ ഉദ്ഘാടനം ചെയ്തു. സമസ്ത കേന്ദ്ര മുശാവറ അംഗം പി.കെ ഹംസക്കുട്ടി ബാഖവി ആദൃശ്ശേരി, സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡ് മാനേജർ കെ. മോയിൻ കുട്ടി മാസ്റ്റർ ചെറുവാടി, എസ്.എൻ.ഇ.സി അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെ അധ്യാപകർ, വിദ്യാർത്ഥികൾ, സമസ്തയുടെയും പോഷക സംഘടനകളുടെയും നേതാക്കൾ, പ്രവർത്തകർ പങ്കെടുത്തു.

## എസ്. എസ്. ഒ പ്രവർത്തനോദ്ഘാടനം

കോഴിക്കോട്: എസ്. എൻ. ഇ. സി സ്റ്റുഡൻസ് ഓർഗനൈസേഷൻ (എസ്. എസ്. ഒ) 2026-27 അധ്യയന വർഷത്തെ പ്രവർത്തന ഉദ്ഘാടനം ഈ മാസത്തിൽ നടത്താൻ നിശ്ചയിച്ചു. വിദ്യാർഥിനി കൂട്ടായ്മയുടെ ഉദ്ഘാടനം സെപ്തംബർ 22 ചൊവ്വാഴ്ച്ച വെളിമുക്ക് ക്രസന്റ് എസ്. എൻ. ഇ. സി ഷീ ക്യാമ്പസിൽ വെച്ചും വിദ്യാർഥി കൂട്ടായ്മയുടേത് സെപ്തംബർ 30, ഒക്ടോബർ 1 തിയ്യതികളിലായി മുക്കം കാരമൂല ദാറുസ്വലാഹ് ഇസ്ലാമിക് അക്കാദമിയിൽ വെച്ചും നടക്കും. എസ്. എസ്. ഒ എക്സിക്യൂട്ടീവ്, സബ് വിംഗ് അംഗങ്ങൾ, സ്ഥാപനങ്ങളിൽ നിന്നുള്ള അധ്യാപക വിദ്യാർഥി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

## എസ്.എൻ.ഇ.സി ഇന്റർനാഷണൽ മീലാദ് കോൺഫറൻസ്

കോഴിക്കോട്: സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ (എസ്.എൻ.ഇ.സി) സംഘടിപ്പിച്ച ഇന്റർനാഷണൽ മീലാദ് കോൺഫറൻസ് ഓൺലൈനായി നടന്നു. "കമാലിയത്ത്" റബീഹ് ക്യാംപയിനോട് അനുബന്ധിച്ചാണ് അന്താരാഷ്ട്ര പണ്ഡിതർ പങ്കെടുത്ത മീലാദ് കോൺഫറൻസ് നടന്നത്. പരിപാടി ജോർദാൻ മുഫ്തി ഡോ. മുഫ്തി മുഹമ്മദ് ഹസൻ അൽ റവാഷിദ ഉദ്ഘാടനം ചെയ്തു. എസ്.എൻ.ഇ.സി അക്കാദമിക് കൗൺസിൽ ചെയർമാൻ പി.എം അബ്ദുസ്സലാം ബാഖവി വടക്കേക്കാട്, ഈജിപ്ത് അൽ അസ്ഹർ സർവകലാശാലാ പ്രധിനിധി ഡോ അഷ്റഫ് അബ്ദുന്നാസർ, ഇറാഖിലുള്ള ദാറുൽ ഇഫ്താഹ് പ്രധിനിധി ഷെയ്ഖ് മുഅതസ് അദ്ദൗരി, എസ്.എൻ.ഇ.സി അക്കാദമിക് കൗൺസിൽ അംഗം അബ്ദുല്ലാഹ് മുജ്തബ ഫൈസി ആനക്കര, മുഹമ്മദ് സാലിം സനാഈ സംബന്ധിച്ചു.



എസ്.എൻ.ഇ.സി അലുംനി ഓർഗനൈസേഷൻ മെമ്പർഷിപ്പ് ക്യാമ്പയിൻ ജിഫ്രി തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു.

Volume 01 | Issue 02 | Tuesday I 2026 September 15

# എസ്.എൻ.ഇ.സി ന്യൂസ് ലെറ്റർ പ്രകാശനം ചെയ്തു



**കോഴിക്കോട്:** സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ (എസ്.എൻ.ഇ.സി) പ്രസിദ്ധീകരിക്കുന്ന മാസാന്ത ന്യൂസ് ലെറ്റർ "ദി കറന്റ്" സമസ്ത പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ പ്രകാശനം ചെയ്തു. കോഴിക്കോട് സമസ്ത കാര്യാലയത്തിൽ നടന്ന പരിപാടിയിൽ സമസ്ത കേന്ദ്ര മുശാവറ അംഗങ്ങളും ഗവേർണിംഗ്, അക്കാദമിക് കൗൺസിൽ അംഗങ്ങളും സംബന്ധിച്ചു. എസ്.എൻ.ഇ.സിയുടെയും അഫിലിയേറ്റഡ് സ്ഥാപനങ്ങളുടെയും പ്രധാന വാർത്തകൾ, പ്രവർത്തനങ്ങൾ, അറിയിപ്പുകൾ, നേട്ടങ്ങൾ, വിദ്യാഭ്യാസ സംരംഭങ്ങൾ തുടങ്ങിയവ ന്യൂസ് ലെറ്ററിലൂടെ ലഭ്യമാകും. എസ്.എൻ.ഇ.സിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി സ്ഥാപനങ്ങളിലേക്കും വിദ്യാർഥികളിലേക്കും അധ്യാപകരിലേക്കും പൊതുജനങ്ങളിലേക്കും എത്തിക്കുന്നതിനുമുള്ള പുതിയവേദി കൂടിയാണ് 'ദി കറന്റ്'.

# എസ്.എൻ.ഇ.സി അലുംനി ലോഗോ പ്രകാശനം ചെയ്തു




**തിരുവനന്തപുരം:** സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ (എസ്.എൻ.ഇ.സി) അഫിലിയേറ്റഡ് സ്ഥാപനങ്ങളിൽ നിന്ന് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ സംഘടന എസ്.എൻ.ഇ.സി അലുംനി ഓർഗനൈസേഷന്റെ ലോഗോ യുവജനക്ഷേമ, കായിക വകുപ്പ് മന്ത്രി അഡ്വ. ഒ. ജെ ജെനീഷ് പ്രകാശനം ചെയ്തു. സെക്രട്ടറിയേറ്റിൽ നടന്ന ചടങ്ങിൽ അലുംനി പ്രധിനിധികളായ ആശിഫ് സനാഉ പാണക്കാട്, അസ്ലം സനാഉ എറണാകുളം, അബ്ദുറഹ്മാൻ സനാഉ കാട്ടുമുണ്ട, നുജൂം കോട്ടക്കൽ സംബന്ധിച്ചു.

# കമാലിയത്ത് റബീഹ് ക്യാംപയിൻ വിജയികളെ പ്രഖ്യാപിച്ചു

**കോഴിക്കോട്:** സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ (എസ്.എൻ.ഇ.സി) റബീഹ് ക്യാംപയിൻ "കമാലിയത്ത്" നോട് അനുബന്ധിച്ച് അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവവർക്ക് സംഘടിപ്പിച്ച വിവിധ മത്സരങ്ങളിലെ വിജയികളെ പ്രഖ്യാപിച്ചു. അഫ്‌ലിയേറ്റഡ് സ്ഥാപങ്ങളിലെ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് സംഘടിപ്പിച്ച റബീഹ് ക്വിസ് മത്സരത്തിൽ തൃശൂർ ഖദീജ ബിൻത് ബുഖാരി കെ.ബി.ബി ഷീ ക്യാംപസിലെ വിദ്യാർത്ഥിനി ഫാത്തിമ എം.സിന്റെ മാതാവ് സൈന ഷംസു പെരുമ്പിലാവ് ഒന്നാം സ്ഥാനവും നഫീസത്തുൽ മിസ്‌രിയ്യ പി.കെയുടെ മാതാവ് നുസൈബ രണ്ടാം സ്ഥാനവും മലപ്പുറം എടപ്പാൾ ദാറുൽ ഹിദായ വിമൻസ് അക്കാദമിയിലെ വിദ്യാർത്ഥിനി ഫാത്തിമ ഷിഫാന കെ.പിയുടെ മാതാവ് ഹാജറ നെല്ലായ മൂന്നാം സ്ഥാനവും നേടി. റബീഹ് ക്വിസ് – ലൈഫ് ബോയ്സ് വിഭാഗത്തിൽ മലപ്പുറം മരവട്ടം ഗ്രേസ് വാലി പ്രൊഫഷണൽ അക്കാദമിയിലെ മുഹമ്മദ് ബാസിം എം.പി, മുഹമ്മദ് അസീൽ എൻ.പി., മുഹമ്മദ് ഷാനിബ് എം. എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. റബീഹ് ക്വിസ് – ലൈഫ് പ്ലസ് ബോയ്സ് വിഭാഗത്തിൽ പാലക്കാട് അലനല്ലൂർ ദാറുത്തഖ്‌വ ഇസ്‌ലാമിക് അക്കാദമിയിലെ മുഹമ്മദ് അമീൻ പി, മുഹമ്മദ് നാഹിൽ, മുഹമ്മദ് ഷാദിൻ ഇ.പി ഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. റബീഹ് ക്വിസ് – ലൈഫ് പ്ലസ് ഗേൾസ് വിഭാഗത്തിൽ കാസർഗോഡ് മഞ്ചേശ്വരം ഉദ്യവാർ റാശിദിയ ഷീ ക്യാംപസിലെ ആയിഷത്തു സൽവ, നൈഫ ഫൈസൽ, തഷ്‌രീഫ സി എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. കാലിഗ്രഫി റൈറ്റിംഗ് – ലൈഫ് ഗേൾസ് വിഭാഗത്തിൽ കോഴിക്കോട് മടവൂർ തൂബ റെസിഡൻഷ്യൽ ക്യാമ്പസിലെ ഫാത്തിമ സുഹ്റ, റിഫ ഫാത്തിമ, ഹംന ഷെറിൻ എന്നിവർ ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടി.

പേപ്പർ സബ്മിഷൻ – പുരുഷ അധ്യാപകർ വിഭാഗത്തിൽ കോഴിക്കോട് മുക്കം കാരമൂല ദാറുസ്സ്വലാഹ് ഇസ്‌ലാമിക് അക്കാദമിയിലെ സഫ്‌വാൻ അൻവരി കെ.കെ. ഒന്നാം സ്ഥാനം നേടി. അറബിക് കവിതാരചന – വനിതാ അധ്യാപകർ വിഭാഗത്തിൽ മലപ്പുറം എടക്കര നഫീസത്തുൽ മിസ്രിയ്യ വിമൻസ് കോളേജിലെ ഫാത്തിമ തബ്ശീറ സനാഇയ്യ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഉപന്യാസരചന – വനിതാ അധ്യാപകർ വിഭാഗത്തിൽ റഷീദ കെ.പി. (സയ്യിദ് ഹൈദർ അലി ശിഹാബ് തങ്ങൾ കോളേജ് ഓഫ് ആർട്സ് ആൻഡ് ഇസ്‌ലാമിക് സ്റ്റഡീസ്, കരുവാരക്കുണ്ട്) ഒന്നാം സ്ഥാനവും ഫാത്തിമത്തു റബീഅ സനാഇയ്യ (ക്രസന്റ് എസ്.എൻ.ഇ.സി ഷീ ക്യാമ്പസ്, വേളിമുക്ക്) രണ്ടാം സ്ഥാനവും നേടി. ലെറ്റർ ഫോർ മെസെഞ്ചർ - ശരീഅ പ്ലസ്, ബയ്യിനാത്ത് വിഭാഗത്തിൽ മങ്കട വടക്കാങ്ങരയിലെ അൻവാറുൽ ഹുദാ ശരീഅ കോളേജിലെ സഹൽ സമാഹ് ഒന്നാം സ്ഥാനവും മംഗളൂരു കിന്യയിലെ ഷംസുൽ ഉലമ ദാറുസ്സലാം അക്കാദമിയിലെ മുഹമ്മദ് ഇഷാദ് രണ്ടാം സ്ഥാനവും അൻവാറുൽ ഹുദാ ശരീഅ കോളേജിലെ മുഹമ്മദ് ഷമ്മാസ് മൂന്നാം സ്ഥാനവും നേടി. ഡയറി റൈറ്റിംഗ് – ഷീ പ്ലസ് വിഭാഗത്തിൽ എടക്കര നഫീസത്തുൽ മിസ്രിയ്യ വിമൻസ് കോളേജിലെ ആയിഷ റബീഅ ഒന്നാം സ്ഥാനവും കോഴിക്കോട് കുറ്റിക്കാട്ടൂർ ശംസുൽ ഉലമ വിമൻസ് അക്കാദമിയിലെ സ്വാലിഹ കെ. രണ്ടാം സ്ഥാനവും നജ ഫാത്തിമ പി. മൂന്നാം സ്ഥാനവും നേടി. നശീദ – ശരീഅ, ബയ്യിനാത്ത് ഹയർസെക്കണ്ടറി വിഭാഗത്തിൽ മലപ്പുറം കരിങ്കല്ലത്താണി ഖുർആനിക് വില്ലേജിലെ മുഹമ്മദ് മുസ്തഫ പി.കെ. ഒന്നാം സ്ഥാനവും പാലക്കാട് മാരായമംഗലം ഖാസി മുഹമ്മദ് മുസ്‌ലിയാർ എജുക്കേഷണൽ ആൻഡ് കൾച്ചറൽ കോംപ്ലക്സിലെ മുഹമ്മദ് അനീഷ് രണ്ടാം സ്ഥാനവും മലപ്പുറം കീഴുപറമ്പിലുള്ള ലിവാഉൽ ഹുദാ ഇസ്‌ലാമിക് കോംപ്ലക്സിലെ മുഹമ്മദ് ഷാമിൽ മൂന്നാം സ്ഥാനവും നേടി.

ഹിസ്റ്റോറിക്കൽ ന്യൂസ് റീഡിംഗ് – ഷീ സ്ട്രീം ഹയർ സെക്കണ്ടറി വിഭാഗത്തിൽ മലപ്പുറം മരവട്ടത്തുള്ള ഗ്രേസ് വാലി ഇസ്‌ലാമിക് കോളേജ് ഫോർ ഗേൾസിലെ മുർഷിദ എം.ടി. ഒന്നാം സ്ഥാനവും വെളിമുക്കിലുള്ള ക്രസന്റ് എസ്.എൻ.ഇ.സി ഷീ ക്യാമ്പസിലെ ഫാത്തിമ തസ്‌ലീമ എം.പി. രണ്ടാം സ്ഥാനവും കാസർഗോഡ് ആലംപാടിയിലുള്ള നൂറുൽ ഇസ്‌ലാം ഷീ ക്യാമ്പസിലെ നഫീസത്ത് ഫസ്‌ന കെ.എച്ച്. മൂന്നാം സ്ഥാനവും നേടി. സ്പിരിച്വൽ ടോക്ക് – ശരീഅ, ബയ്യിനാത്ത് ഡിഗ്രി വിഭാഗത്തിൽ വയനാട് വെങ്ങപ്പള്ളിയിലുള്ള ശംസുൽ ഉലമ ഇസ്‌ലാമിക് അക്കാദമിയിലെ അമൽ ഇഹ്സാൻ ഒന്നാം സ്ഥാനവും കാസർഗോഡ് കുമ്പളയിലുള്ള ഇമാം ശാഫി ഇസ്‌ലാമിക് അക്കാദമിയിലെ മുഹമ്മദ് യാസീൻ രണ്ടാം സ്ഥാനവും മലപ്പുറം കീഴുപ്പറമ്പിലുള്ള ലിവാഉൽ ഹുദാ ഇസ്‌ലാമിക് കോംപ്ലക്സിലെ മുഹമ്മദ് നിഹാദ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മാഷപ്പ് – ജനറൽ വിഭാഗത്തിൽ ദാറുൽ ഹിദായ വിമൻസ് അക്കാദമി, എടപ്പാൾ ഒന്നാം സ്ഥാനവും ഗ്രേസ് വാലി ഇസ്‌ലാമിക് കോളേജ് ഫോർ ഗേൾസ്, മറവട്ടം രണ്ടാം സ്ഥാനവും ജലിയ്യ ഗേൾസ് ക്യാമ്പസ്, ചേളാരി മൂന്നാം സ്ഥാനവും നേടി.

റബീഹ് ക്യാമ്പയിന്റെ ഭാഗമായി സംഘടിപ്പിച്ച മത്സരങ്ങളിൽ വിദ്യാർത്ഥികളും അധ്യാപകരും മികച്ച പങ്കാളിത്തമാണ് കാഴ്ചവെച്ചത്. വിജയികൾക്കുള്ള അവാർഡുകൾ കോഴിക്കോട് വുഡീസ് ഹോട്ടലിൽ നടന്ന സുഹ്ബ മജ്‌ലിസിൽ വിതരണം ചെയ്തു. സമസ്ത കേന്ദ്ര മുശാവറ അംഗം പി.കെ ഹംസക്കുട്ടി മുസ്‌ലിയാർ ആദൃശ്ശേരി, മാനേജർ കെ. മോയിൻ കുട്ടി മാസ്റ്റർ അവാർഡ് ദാനത്തിന് നേതൃത്വം നൽകി.

# 'ദിക്റുസ്വാലിഹീൻ' അനുസ്മരണ സദസ്സ് സംഘടിപ്പിച്ചു



**കോഴിക്കോട്:** സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ (എസ്.എൻ.ഇ.സി) അഫിലിയേറ്റഡ് സ്ഥാപനങ്ങളിൽ സെപ്തംബർ 1 ഞായറാഴ്ച 'ദിക്റുസ്വാലിഹീൻ" സമസ്ത പ്രാർത്ഥനാ ദിന സംഗമങ്ങൾ നടത്തി. പരിപാടിയിൽ സമസ്ത നേതാക്കൾ, ദീനീ സംരംഭങ്ങളുമായി സഹകരിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ഉലമാക്കളെയും മറ്റും അനുസ്മരിക്കുകയും പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു.



U.T. KHADAR FAREED
Minister for Health and Family Welfare

GOVERNMENT OF KARNATAKA

Room No.315-315A.
3rd Floor, Vidhana Soudha.
Dr. B.R.Ambedkar Veedi.
Bengaluru-560 001
Telephone: 080-22252536
080-22033450
e-mail: healthminister2026@gmail.com

NO: HFMMLR/607/2026 Date: 10.08.2026

Sir,

Subject: Appreciation for the Creative Work Presented by Ms. Fathima Saniyya, Najwa N K and Fathimath Thasneema – Regarding.

***************

I am pleased to learn that three students of your institution namely Ms. Fathima Saniyya, Najwa N K, Fathimath Thasneema,has been selected for the State Level Creativity Day Competition depicting the National Anthem in a unique and artistic form.

I sincerely appreciate the creativity, originality and dedication reflected in the work. Such innovative efforts by young students not only encourage patriotism and cultural awareness, but also promote artistic excellence and creative expression. It is indeed encouraging to see educational institutions providing students with meaningful opportunities to discover, develop and showcase their talents.

I congratulate the team, their parents, teachers and the management of Imam Shafi She Campus on this commendable achievement. I wish them every success in the State Level Competition and in all their future endeavours.

With warm regards,

Yours Sincerely,

(U.T. KHADER FAREED)

To,
The Principal
Imam Shafi She Campus
Kasaragod, Kerala.

SNEC — Yawm Al Ibdaa — يوم الإبداء — SNEC MISSION 2030 — Excellence Rooted in Ethics

# ദേശീയഗാനം: എസ്.എൻ.ഇ.സി വിദ്യാർഥിനികളുടെ ചിത്രാവിഷ്കാരം കർണാടക നിയമസഭാ മന്ദിരത്തിലെ എക്സിബിഷനിൽ

**മലപ്പുറം:** 52 സെക്കന്റ് കാത്തിരിക്കേണ്ട. ഒരൊറ്റ ചിത്രത്തിലൂടെ ദേശീയഗാനത്തിന്റെ ആശയവും, വരികളും മനസിലേക്കോടിയെത്തും. എസ്.എൻ.ഇ.സി വിദ്യാർഥിനികളുടെ ചിത്രാവിഷ്കാരം ബംഗളൂരു വിധാൻ സൗധയിൽ എക്സിബിഷനെത്തി. ദേശീയ ഗാനത്തിന്റെ ഓരോ - വരികളിലെയും ആശയം-കൈമാറാൻ കാസർ കോട് കുമ്പള ഇമാം ശാഫീ ഷീ കാംപസിലെ വിദ്യാർഥിനികൾ തയാറാക്കിയ ചിത്രമാണ് കർണാടക നിയമസഭാ മന്ദിരത്തിലെ എക്സിബിഷനിൽ ഇടംപിടിച്ച ത്. 80-ാം സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി 17, 18, 19 തിയതികളിൽ ചിത്രം വിധാൻ സൗധയിലെത്തുന്നവരിൽ കൗ തുകമുണർത്തും.

ഷീ സ്ട്രീമിലെ ഡിഗ്രി വിദ്യാർഥിനികളായ ഫാത്തിമ സനിയ്യ, ഫാത്തിമത്ത് തസ്നീമ, എൻ.കെ നജ്വ, ഫിദ എന്നിവർ ചേർന്നാണ് ദേശീയഗാനത്തിന്റെ അർഥവും സന്ദേശവും പകരുന്ന ആശയം -രൂപപ്പെടുത്തിയത്. 'യൗമുൽ ഇബ്ദാഅ് ' മത്സരത്തിനായി തയാറാക്കിയ പ്രൊജക്ടാണ് ശ്രദ്ധ നേടിയത്. കേൾവിശക്തിയില്ലാത്തവർക്കും ദേശീയഗാനത്തിന്റെ ആശയവും അർഥവും എളുപ്പത്തിൽ മനസിലാക്കാനും ആലപിക്കുമ്പോഴുണ്ടാവാറുള്ള വ്യക്തതക്കുറവ് പരിഹരിക്കുകയുമാണ് ചിത്രരൂപത്തിലേക്ക് മാറ്റുന്നതിലൂടെ ലക്ഷ്യമിട്ടത്. മലപ്പുറം വെളിമുക്ക് ക്രസന്റ് ഷീ കാംപസിൽ നടന്ന യൗമുൽ ഇബ്ദാഅ് കേന്ദ്രീകൃത മത്സരത്തിൽ ഇവരുടെ ചിത്രം ഷീ സ്ട്രീമിൽ ഒന്നാം സ്ഥാനം നേടിയിരുന്നു. വിദ്യാർഥിനികളുടെ-വേറിട്ട ആശയത്തിന്-കർണാടക ആരോഗ്യ-കുടുംബക്ഷേമ മന്ത്രി യു.ടി ഖാദറിന്റെ അഭിനന്ദന പത്രവും ലഭിച്ചു. പ്രദർശനത്തിലൂടെ ബംഗളൂരു ആർട്ട് ഗാലറിയിലേക്ക്-ചിത്രം-തെരഞ്ഞെടുക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

# 40 ദിനം കൊണ്ട് അറാക്ക് ടൂത്ത് ബ്രഷ്



പ്രവാചക പാരമ്പര്യത്തെ മുറുകെ പിടിച്ച് അറാക്ക് കൊണ്ടൊരു ടൂത്ത് ബ്രഷ്. ഒരേ സമയം പല്ല് തേക്കുന്നതിനോടൊപ്പം സുന്നത്തും ലഭിക്കുന്ന ആശയവുമായാണ് അരീക്കോട് ലിവാഉൽ ഹുദ ഇസ്ലാമിക് കോംപ്ലക്സിലെ വിദ്യാർഥികളായ ഹാദി ഷഹാം, എം. മുസമ്മിൽ എന്നിവർ ഫെസ്റ്റിനെത്തിയത്. അറാസ്റ്റിക് എന്ന് പേരിട്ട 40 ദിവസം കൊണ്ട് രൂപകൽപ്പന ചെയ്ത ഉത്പന്നത്തിന് ഒന്നാം സ്ഥാനവുമായാണ് മടങ്ങിയത്. വിദ്യാർഥികളുടെ പദ്ധതിയായ അറാസ്റ്റിക്കിനെ വാണിജ്യാടിസ്ഥാനത്തിൽ വിപണിയിലെത്തിക്കാനിരിക്കുകയാണ്.

# പ്രവാചക സ്മരണയിൽ ലിവാ ഉൽ ഹുദായിൽ ജശ്നെ മീലാദ്




**അരീക്കോട്:** പ്രവാചകസ്നേഹത്തിന്റെ ഹൃദയഹാരിയായ സന്ദേശമുയർത്തി കീഴ്പറമ്പ് ലിവാ ഉൽ ഹുദാ ഇസ്ലാമിക് കോളേജിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'ജശ്നെ മീലാദ്' ഭക്തിസാന്ദ്രമായി നടന്നു. അന്ത്യപ്രവാചകൻ മുഹമ്മദ് നബി ﷺ യുടെ ജന്മദിനത്തോടനുബന്ധിച്ചാണ് പരിപാടി സംഘടിപ്പിച്ചത്.

അസർ നമസ്കാരാനന്തരം എടശ്ശേരികടവ് പാലത്തിൽ നിന്ന് ആരംഭിച്ച നബിദിന റാലിയിൽ കോളേജ് വിദ്യാർത്ഥികൾക്കും നാട്ടുകാർക്കുമൊപ്പം നിരവധി പ്രവാചക സ്നേഹികൾ പങ്കുചേർന്നു. മദ്ഹ് ഗാനങ്ങളുടെയും പ്രകീർത്തനങ്ങളുടെയും അകമ്പടിയോടെ നീങ്ങിയ റാലി നാടിന് നബിദിനത്തിന്റെ ആത്മീയ ചൈതന്യം പകർന്നു. വിദ്യാർത്ഥികളുടെ സജീവ സാന്നിധ്യം റാലിക്ക് ശ്രദ്ധേയമായ മുഖമായി.

മഗ്രിബ് നമസ്കാരാനന്തരം നടന്ന പ്രവാചക പ്രകീർത്തന സദസ്സിൽ കോളേജ് വിദ്യാർത്ഥികൾ അവതരിപ്പിച്ച മദ്ഹ് പരിപാടികൾ ശ്രദ്ധേയമായി. പ്രവാചക ജീവിതത്തിന്റെ വിവിധ തലങ്ങളെ അനുസ്മരിക്കുന്ന അവതരണങ്ങൾ സദസ്സിന്റെ ആത്മീയ അന്തരീക്ഷത്തിന് കൂടുതൽ മിഴിവേകി.

തുടർന്ന് ഉസ്താദ് വാരിസ് അബ്ദുള്ള ഹുദവിയു ടെ നേതൃത്വത്തിൽ ഇശ്ഖ് മജ്ലിസ് അരങ്ങേറി. ദിക്ർ-ദുആ മജ്ലിസ്, മൗലിദ് പാരായണം, മദ്ഹ് പ്രഭാഷണം തുടങ്ങിയവയും നടന്നു. നബി ﷺ യുടെ ജീവിതമാതൃകയും മാനവിക സന്ദേശങ്ങളും പുതുതലമുറയുടെ ജീവിതത്തിൽ പ്രസക്തമാക്കേണ്ടതിന്റെ ഓർമപ്പെടുത്തലായി പരിപാടി മാറി.

വിദ്യാർത്ഥികളുടെ സംഘാടന മികവും അധ്യാപകരുടെയും നാട്ടുകാരുടെയും സഹകരണവും പരിപാടിയുടെ വിജയത്തിന് കരുത്തേകി. പ്രവാചക സ്മരണകൾ പങ്കുവെച്ച്, ആത്മീയമായ അനുഭൂതികൾ സമ്മാനിച്ചുകൊണ്ടാണ് ജശ്നെ മീലാദ് സമാപിച്ചത്.

# CAMPUS UPDATES

## ശംസുൽ ഉലമ അക്കാദമി വിദ്യാർത്ഥി ഫെസ്റ്റ് 'ബഹുസ്വരം 26': ലോഗോ പ്രകാശനം ചെയ്തു



**കൂത്തുപറമ്പ്:** ശംസുൽ ഉലമ അക്കാദമി വിദ്യാർത്ഥി കൂട്ടായ്മയായ ശംസുൽ ഉലമ സ്റ്റുഡൻസ് അസോസിയേഷൻ (S U S A ) സംഘടിപ്പിക്കുന്ന ഈ വർഷത്തെ വിദ്യാർത്ഥി ഫെസ്റ്റ് & സ്പോർട്സ് 'ബഹുസ്വരം 26'-ന്റെ ലോഗോ പ്രകാശനം ചെയ്തു. കോളേജ് പ്രിൻസിപ്പലും സമസ്ത ട്രഷററുമായ ശൈഖുനാ കൊയ്യോട് ഉമർ മുസ്ലിയാർ, കോളേജ് സെക്രട്ടറി എ.കെ. അഹമ്മദ് ഹാജിക്ക് ലോഗോ കൈമാറിയാണ് പ്രകാശന കർമ്മം നിർവ്വഹിച്ചത്. 'ഡെമോക്രാറ്റിയ', 'ടോളറന്റിയ' എന്നീ രണ്ട് ടീമുകളിലായി അറുപതോളം വിദ്യാർത്ഥികളാണ് ഫെസ്റ്റിൽ മാറ്റുരയ്ക്കുന്നത്. ഈ മാസം 21, 22, 23 തീയതികളിൽ കോളേജ് അങ്കണത്തിൽ വെച്ചാണ് പ്രധാന മത്സരങ്ങൾ നടക്കുക. 120-ലധികം മത്സരയിനങ്ങൾ ഉൾപ്പെടുത്തിയ ഫെസ്റ്റിന്റെ ഔട്ട്സ്റ്റേജ് മത്സരങ്ങൾക്ക് നാളെ തുടക്കമാകും. ഈ മാസം 23-ന് വൈകീട്ട് നടക്കുന്ന സമാപന പൊതുപരിപാടിയിൽ വെച്ച് വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്യും. ചടങ്ങിൽ പ്രമുഖ വ്യക്തിത്വങ്ങൾ സംബന്ധിക്കും.

# പ്രഥമ SNEC-ലൈഫ് ഗേൾസ് ബാച്ചിന്റെ കോൺവൊക്കേഷൻ സംഘടിപ്പിച്ചു.



**കോഴിക്കോട്:** സമസ്ത നാഷണൽ എഡ്യൂക്കേഷണൽ കൗൺസിലിന് (S N E C ) കീഴിൽ പ്രവർത്തിക്കുന്ന ലൈഫ് സ്ട്രീം (ഗേൾസ്) വിഭാഗത്തിലെ പ്രഥമ ബാച്ചിന്റെ കോൺവൊക്കേഷൻ കോഴിക്കോട് കൊടുവള്ളി ന്യൂ കാസിൽ ഓഡിറ്റോറിയത്തിൽ വെച്ച് സംഘടിപ്പിച്ചു. SNEC ലൈഫ് ഗേൾസ് സ്ട്രീമിന് കീഴിൽ മടവൂർ തൂബ റസിഡൻഷ്യൽ ക്യാമ്പസിൽ പഠനം പൂർത്തിയാക്കിയ ആദ്യ ബാച്ചിലെ വിദ്യാർത്ഥികൾക്ക് ചടങ്ങിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സമഗ്ര വിദ്യാഭ്യാസം ലക്ഷ്യമാക്കി S N E C ആവിഷ്കരിച്ച ലൈഫ് സ്ട്രീമിലൂടെ മതപഠനത്തോടൊപ്പം ആധുനിക വിദ്യാഭ്യാസവും വ്യക്തിത്വ വികസനവും ഉന്നത പഠനത്തിനും പ്രൊഫഷണൽ രംഗത്തേക്കുമുള്ള തയ്യാറെടുപ്പും സമന്വയിപ്പിച്ച വിദ്യാഭ്യാസ രീതിയാണ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നത്. പഠനത്തോടൊപ്പം വിദ്യാർത്ഥികളുടെ കഴിവുകളും അഭിരുചികളും തിരിച്ചറിഞ്ഞ് ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് പ്രവേശിക്കാൻ ആവശ്യമായ പരിശീലനവും മാർഗനിർദേശവും നൽകുന്ന രീതിയിലാണ് ലൈഫ് സ്ട്രീം വിഭാവനം ചെയ്തിരിക്കു ന്നത്.S N E C ലൈഫ് സ്ട്രീം (ഗേൾസ്) വിഭാഗത്തിന് കീഴിൽ നിലവിൽ പ്രവർത്തിക്കുന്ന ഏക സ്ഥാപനമാണ് മടവൂർ തൂബ റസിഡൻഷ്യൽ ക്യാമ്പസ്. ആരംഭിച്ച് ചുരുങ്ങിയ കാലയളവി നുള്ളിൽ തന്നെ അക്കാദമിക രംഗത്ത് ശ്രദ്ധേയ മായ നേട്ടങ്ങൾ കൈവരിക്കാൻ ക്യാമ്പസിന് സാധിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസ ലക്ഷ്യങ്ങൾ മുൻനിർത്തി മെഡിക്ക ൽ, എൻജിനീയറിങ് പ്രവേശന പരീക്ഷകൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനായി SNECയുടെ മെഡിക്കൽ/എൻജിനീയറിങ് റിപ്പീറ്റേ ഴ്സ് ബാച്ചും തൂബ ക്യാമ്പസിന് കീഴിൽ ആരംഭിച്ചിട്ടുണ്ട്. ചടങ്ങിൽ അബ്ദുള്ള മുസ്ലിയാർ വാവാട് പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. സമസ്ത കേന്ദ്ര മുശാവറ അംഗവും S N E C അക്കാദമിക് ചെയർമാനുമായ അബ്ദുസ്സലാം ബാഖവി വടക്കേക്കാട് കോൺവൊക്കേഷൻ ഉദ്ഘാടനം ചെയ്യുകയും സനദ് ദാന പ്രഭാഷണം നടത്തുകയും ചെയ്തു. പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന വിദ്യാർത്ഥികൾ അറിവും മൂല്യബോധവും സാമൂഹിക ഉത്തരവാദിത്വവും കൈമുതലാക്കി വിവിധ മേഖലകളിൽ മികച്ച സംഭാവനകൾ നൽകണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.മുഹമ്മദ് അൻസാർ മാസ്റ്റർ അധ്യക്ഷത വഹിച്ച ചടങ്ങിൽ മുഹ്യുദ്ദീൻ മാസ്റ്റർ സ്വാഗതം പറഞ്ഞു. സുപ്രഭാതം സി.ഇ.ഒ മുസ്തഫ മാസ്റ്റർ മുണ്ടുപാറ, SKSSF സംസ്ഥാന ജനറൽ സെക്രട്ടറി ഒ.പി.എം അഷ്റഫ്, ദുബൈ SKSSF കമ്മിറ്റി അംഗം ഷമീം പന്നൂർ, ഗനിയ്യ് ഫൈസി എന്നിവർ ആശംസകൾ നേർന്നു.

# പ്ലസ്ടു വിദ്യാർത്ഥി കോളേജിന്റെ ഔദ്യോഗിക വെബ്സൈറ്റ് വികസിപ്പിച്ചു

**പതിയാങ്കര:** ആലപ്പുഴ പതിയങ്കരയിലുള്ള എസ്.എൻ.ഇ.സി ശരീഅ അഫിലിയേറ്റഡ് സ്ഥാപനമായ ശംസുൽ ഉലമ ഇസ്ലാമിക് ആൻഡ് ആർട്സ് കോളേജിന്റെ ഔദ്യോഗിക വെബ്സൈറ്റ് വികസിപ്പിക്കുകയും ഡിസൈൻ ചെയ്യുകയും ചെയ്തത് കോളേജിലെ പ്ലസ്ടു കൊമേഴ്സ് വിദ്യാർത്ഥിയായ യാസീൻ മൂവാറ്റുപുഴ.

എസ്.എൻ.ഇ.സിയിൽ പ്രവേശനം നേടിയതോടെയാണ് യാസീന് കോഡിംഗിൽ താൽപര്യം വളർന്നത്. മുൻപ് എസ്.എൻ.ഇ.സി സ്റ്റുഡന്റ്സ് ഓർഗനൈസേഷന്റെ (എസ്.എസ്.ഒ) വെബ്സൈറ്റ് വികസിപ്പിച്ച ഡിഗ്രി വിദ്യാർത്ഥി റമീസ് എം.കെ യുടെ സഹായത്തോടെ കോഡിംഗ് പഠിച്ചുതുടങ്ങിയ യാസീൻ പിന്നീട് പ്രിൻസിപ്പലിന്റെ നിർദ്ദേശപ്രകാരമാണ് സ്ഥാപനത്തിന് വേണ്ടി വെബ്സൈറ്റ് ഒരുക്കിയത്.

വെബ്ഡെവലപ്മെന്റിന് പുറമെ റോബോട്ടിക്സി ലും താൽപര്യമുള്ള യാസീൻ സ്വന്തമായി വികസിപ്പിച്ച 'റോബോ റൈഡർ' എന്ന മനുഷ്യനിർദ്ദേശമനുസരിച്ച് പ്രവർത്തിക്കുന്ന റോബോട്ടിക്സ് കാർ എസ്.എൻ.ഇ.സി യൗമുൽ ഇബ്ദാഇൽ (ഡേ ഓഫ് ക്രിയേറ്റിവിറ്റി) അവതരിപ്പിച്ച് ശ്രദ്ധ നേടിയിരുന്നു. മൂവാറ്റുപുഴ



സ്വദേശികളായ അബ്ദുൽ ശുകൂർ–റഷീദ ദമ്പതികളുടെ മകനാണ് യാസീൻ.

# സർഗാത്മകതയുടെ നിറവിൽ ഇമാം ശാഫി ശീ ക്യാമ്പസ് ടാലന്റ്സ്

മീറ്റ്“ലാകോസ്റ്റാൻസ – ദി ലീഗസി ഓഫ് ആർടിസിറ്റി ” എന്ന പ്രമേയത്തിൽ ത്രിദിന കലാമേള; ഉമ്മു ഹബീബയ്ക്കും ഇശാനയ്ക്കും 'ടാലന്റ് ഓഫ് ദി മീറ്റ്'



**കുമ്പള:** ഇമാം ശാഫി ശീ ക്യാമ്പസ് ബദ്രിയ നഗർ 2026–27 അധ്യയനവർഷത്തെ കോളേജ് ടാലന്റ്സ് മീറ്റ് സെപ്റ്റംബർ 6, 7, 8 തീയതികളിലായി വൈവിധ്യമാർന്ന പരിപാടികളോടെ ആവേശപൂർവം അരങ്ങേറി. “ലാകോസ്റ്റാൻസ – ദി ലീഗസി ഓഫ് ആർടിസിറ്റി ” എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച ത്രിദിന ടാലന്റ്സ് മീറ്റ് വിദ്യാർത്ഥിനികളിലെ സർഗാത്മക കഴിവുകൾ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ലക്ഷ്യമിട്ടായിരുന്നു.കോളേജ് ജനറൽ സെക്രട്ടറി കെ. എൽ. അബ്ദുൽ ഖാദർ ഖാസിമി ടാലന്റ്സ് മീറ്റിന്റെ ഉദ്ഘാടനം നിർവഹിച്ചു. മൂസ നിസാമി, സലൂദ് നിസാമി, യഅ്ഖൂബ് ദാരിമി, സലാം ഫൈസി തുടങ്ങിയ കോളേജിലെ പ്രധാന ഭാരവാഹികളും അധികൃതരും ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുത്തു.

മൂന്ന് ഗ്രൂപ്പുകളായി തിരിഞ്ഞ് വിദ്യാർത്ഥിനികൾ മാറ്റുരച്ച ടാലന്റ്സ് മീറ്റിൽ കലാ-സാഹിത്യ മേഖലകളിലെയും വിവിധ സർഗാത്മക ഇനങ്ങളിലെയും മത്സരങ്ങൾ അരങ്ങേറി. മൂന്നു ദിവസങ്ങളിലായി നടന്ന മത്സരങ്ങൾ വിദ്യാർത്ഥിനികളുടെ ആവേശകരമായ പങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായി. വിദ്യാർത്ഥിനികളുടെ കഴിവുകളും സർഗാത്മകതയും വിലയിരുത്തുന്നതിൽ പ്രഗത്ഭരായ വിധികർത്താക്കൾ നിർണായക പങ്കുവഹിച്ചു.

ടാലന്റ്സ് മീറ്റിലെ 'ടാലന്റ് ഓഫ് ദി മീറ്റ് ' പുരസ്കാരത്തിന് ബക്കാലൂരിയ വിഭാഗം ഉമ്മു ഹബീബയും സാനവിയ്യ വിഭാഗം ഇശാനയും അർഹരായി. വിവിധ മത്സര ഇനങ്ങളിലെ മികവാർന്ന പ്രകടനങ്ങളിലൂടെയാണ് ഇരുവരും പുരസ്കാരം സ്വന്തമാക്കിയത്.ജെൻ-സി തലമുറയുടെ വിജയയാത്ര ലക്ഷ്യപ്രാപ്തിയിലെത്തുന്നതുവരെ തുടരണമെന്ന സന്ദേശം ഉയർത്തിപ്പിടിച്ചായിരുന്നു ടാലന്റ്സ് മീറ്റ് സംഘടിപ്പിച്ചത്. വിദ്യാർത്ഥിനികൾ തങ്ങളുടെ കഴിവുകൾ തിരിച്ചറിയുകയും അവ സമൂഹത്തിനും സ്വന്തം ഭാവിക്കും പ്രയോജനകരമായ രീതിയിൽ വിനിയോഗിക്കുകയും ചെയ്യണമെന്ന ആശയവും മീറ്റ് മുന്നോട്ടുവച്ചു.സമാപനച്ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ നസീല ബിൻത് ഖാസിം മുസ്ലിയാർ വിദ്യാർത്ഥിനികളുടെ കഴിവുകൾ തിരിച്ചറിയേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ചൂണ്ടിക്കാട്ടി. ഖദീജ ബിൻത് കോട്ട മുസ്ലിയാർ, റൈഹാന സനാഇയ്യ പാലാർ,സുഹ്റ സനാഇയ്യ, മുസ്ലിഹ വഫിയ്യ, ഫായിസ സനാഇയ്യ തുടങ്ങിയവരും സംസാരിച്ചു.

മൂന്നു ദിവസങ്ങളിലായി നടന്ന ടാലന്റ്സ് മീറ്റ് വിദ്യാർത്ഥിനികളുടെ കലാപാടവത്തിന്റെയും സർഗാത്മകതയുടെയും കൂട്ടായ്മയുടെയും ഉജ്ജ്വല വേദിയായി മാറി. മത്സരവേദികളിലെ ആവേശവും വിജയികളുടെ നേട്ടങ്ങളും പങ്കെടുത്തവരുടെ സജീവ സാന്നിധ്യവും 2026–27 അധ്യയനവർഷത്തെ ടാലന്റ്സ് മീറ്റിന് മാറ്റുകൂട്ടി.

# വാദിനൂർ കോളജ് ടാലന്റ്സ് മീറ്റ് ലോഗോ പ്രകാശനം നടത്തി.



**വാണിമേൽ:** സമസ്ത നാഷണൽ എഡ്യൂക്കേഷൻ കൗൺസിലിന് (എസ്.എൻ.സി.) കീഴിൽ പ്രവർത്തിക്കുന്ന വാണിമേൽ വാദിനൂർ എസ്.എൻ.ഇ.സി. ക്യാമ്പസിന്റെ അധ്യയന വർഷത്തിലെ കോളേജ് ടാലന്റ്റ് മീറ്റിന്റെ ലോഗോ സമസ് 27-2026 കേരള ജംഇയ്യത്തുൽ ഉലമ പ്രസിഡന്റ് സയ്യിദ് ജിഫ്രി മുത്തുക്കോയ തങ്ങൾ 'വീ .ലക്ക്' എന്ന പേരിൽ പ്രകാശനം ചെയ്തു. കോളേജ് ഗ്രാൻഡ് മൗലിദ് സദസ്സിൽ നടന്ന ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ സയ്യിദ് മുഹമ്മദ് ഹാഫിസ് ജിഫ്രി റഹ്മാനി അധ്യക്ഷത വഹിച്ചു. സയ്യിദ് ടി.പി.സി. തങ്ങൾ സനാഉള്ള തങ്ങൾ, ബഷീർ അബ്ദുള്ള ഫൈസി ചീക്കോന്ന്, പി.ടി.എ. പ്രസിഡന്റ് ജംഷീർ ബാഖവി, പി.ടി.എ.,മാനേജ്മെന്റ് ഭാരവാഹികളും സംബന്ധിച്ചു. പരിപാടിയിൽ മൻസൂർ പുത്തനത്താണിയുടെ നേതൃത്വത്തിൽ മദ്ഹ് മജ്ലിസും ബഷീർ ഫൈസി ദേശമംഗലത്തിന്റെ നേതൃത്വത്തിൽ ലൈറ്റ് ഓഫ് മദീന പരിപാടിയും നടന്നു.

# നൂറെ മദീന മൗലിദ് സദസും പ്രാർഥനാ സംഗമവും



**മാന്നാർ:** പ്രവാചകൻ മുഹമ്മ ദ് നബിയുടെ ജന്മദിനാഘോഷങ്ങളുടെ ഭാഗമായി എസ്.വൈ.എസ്, എസ്.കെ.എസ്.എസ്.എഫ് മാന്നാർ മേഖല കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ നൂറേ മദീന മൗലിദ് സദസും പ്രാർഥനാ സംഗമവും സംഘടിപ്പിച്ചു. നഫീസത്തുൽ മിസ്രിയ്യ ഇസ്ലാമിക് ആൻഡ് ആർട്സ് കോളജ് ഓഡിറ്റോറിയത്തിൽ നടന്ന മൗലിദ് സദസിനും പ്രാർഥനക്കും മാന്നാർ കുരട്ടിക്കാട് മുഹിയുദ്ധീൻ ജുമാ മസ്ജിദ് ഇമാം നിസാമുദ്ദീൻ നഈമി നേതൃത്വം നൽകി. അസി. ഇമാം ഷമീർ ബാഖവി, കോളജ് ചെയർമാൻ ഇസ്മായിൽ കുഞ്ഞ് ഹാജി, പ്രിൻസിപ്പൽ ഉസ്മാൻ അൽ ഖാസിമി, അധ്യാപകരായ യൂസുഫ് ഫൈസി, ഇബ്രാഹിം ഫൈസി, പ്രോഗ്രാം കോർഡിനേറ്റർ ഷഫീഖ്, എസ്.വൈ.എസ്, എസ്.കെ.എസ്.എസ്.എഫ് പ്രവർത്തകർ പങ്കെടുത്തു.

Volume 01 | Issue 02 | Tuesday I 2026 September 15

# വൈവിധ്യമാർന്ന പരിപാടികളുമായി ഉമ്മുൽ ഖുറ കോളേജ്



**എറണാകുളം:** കൊച്ചി കലൂരിലെ മത-ഭൗതിക സമന്വയ സ്ഥാപനമായ ഉമ്മുൽ ഖുറ കോളേജിൽ വിദ്യാർത്ഥികളുടെ സർഗാത്മകതയും സാമൂഹിക ബോധവും ദേശീയബോധവും വളർത്തുന്നതിനായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

കോളേജിലെ വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ക്വിറ്റ് ഇന്ത്യാ ദിനം, നാഗസാക്കി ദിനം, സ്വാതന്ത്ര്യദിനം എന്നിവയോടനുബന്ധിച്ച് പ്രബന്ധരചന, 'യൂത്ത് വോയിസ്' ചർച്ച, ക്വിസ്, 'മനുഷ്യരാശിയുടെ മുറിവ്' അനുഭവക്കുറിപ്പ്, 'ദി സൈലന്റ് സ്പീക്കർ' സ്റ്റിൽ മോഡൽ മേക്കിങ് തുടങ്ങിയ മത്സരങ്ങൾ നടന്നു. യുദ്ധത്തിന്റെ ഭീകരതയും സമാധാനത്തിന്റെ പ്രാധാന്യവും വിദ്യാർത്ഥികളിൽ

ബോധ്യപ്പെടുത്തുകയായിരുന്നു പരിപാടികളുടെ ലക്ഷ്യം.സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് കോമൺ അസംബ്ലി, പ്രിൻസിപ്പൽ ടോക്ക്, മെസ്സേജ് റീഡിങ്, ക്വിസ്, ദേശഭക്തിഗാനം, പ്രതിജ്ഞാരചന തുടങ്ങിയ പരിപാടികളും സംഘടിപ്പിച്ചു.

നബിദിനത്തോടനുബന്ധിച്ച് കൾച്ചറൽ സ്പിയറിന്റെ നേതൃത്വത്തിൽ 'സിറാജ് 2K26' എന്ന പേരിൽ വിപുലമായ മീലാദ് ഫെസ്റ്റും നടത്തി. പ്രവാചകൻ മുഹമ്മദ് നബി □യുടെ ജീവിതവും സന്ദേശങ്ങളും പുതുതലമുറയിലേക്ക് പകരുക എന്ന ലക്ഷ്യത്തോടെ ക്ലാസുകൾ തമ്മിലുള്ള വിവിധ മത്സരങ്ങളാണ് ഫെസ്റ്റിന്റെ ഭാഗമായി നടന്നത്. പഠനത്തോടൊപ്പം മൂല്യബോധം, ചരിത്രബോധം, സാമൂഹിക ഉത്തരവാദിത്വം, ദേശസ്നേഹം എന്നിവ വളർത്തുന്നതിൽ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ നിർണായകമാണെന്ന് കോളേജ് മാനേജ്മെന്റ് അഭിപ്രായപ്പെട്ടു.

# ചില ഓർമ്മകൾ ചിരിപ്പിച്ചു... ചിലത് കണ്ണുനിറച്ചു; അധ്യാപകദിനം ഹൃദയത്തിൽ വരച്ചൊരു ചിത്രം

**വെള്ളറക്കാട്:** പാഠപുസ്തകങ്ങളുടെ ചട്ടക്കൂടുകൾക്കപ്പുറം, അധ്യാപകരും വിദ്യാർത്ഥികളും പങ്കിട്ട ഓർമ്മകളെ ചേർത്തുവെച്ച് തൃശൂർ ഖദീജ ബിൻത് ബുഖാരി കെ.ബി.ബി ഷീ ക്യാംപസ് അധ്യാപകദിനത്തിന് വേറിട്ടൊരു നിറം നൽകി. മൂന്ന് വ്യത്യസ്ത പരിപാടികളിലൂടെയായിരുന്നു ആഘോഷം.

അധ്യാപകരുടെ ജീവിതത്തിലെ അഭിമാന നിമിഷങ്ങളും പ്രിയപ്പെട്ട ഓർമ്മകളും പങ്കുവെച്ച 'വൈ ഐ ആം പ്രൗഡ് ഓഫ്' പരിപാടി അധ്യാപക-വിദ്യാർത്ഥി ബന്ധത്തിന്റെ ആഴം തുറന്നുകാട്ടി. സന്തോഷവും നേട്ടങ്ങളും മാത്രമല്ല, അധ്യാപനയാത്രയിൽ മറക്കാനാകാത്ത ചെറിയ വേദനകളും വെല്ലുവിളികളും വരെ അധ്യാപകർ പങ്കുവെച്ചപ്പോൾ വേദി അനുഭവങ്ങളുടെ ഇടമായി മാറി. വിദ്യാർത്ഥികളുടെ വോട്ടെടുപ്പിലൂടെ ഏറ്റവും പ്രിയപ്പെട്ട അധ്യാപകനെ കണ്ടെത്തിയ 'Find the Fav' പരിപാടിയും ആവേശമായി. സ്നേഹത്തിന്റെ വോട്ടുകളിലൂടെ തിരഞ്ഞെടുക്കപ്പെട്ട അധ്യാപികയ്ക്ക് ലഭിച്ച അംഗീകാരം വിദ്യാർത്ഥികളുടെ ഹൃദയത്തിലെ സ്ഥാനത്തിന്റെ തെളിവായി.

എന്നാൽ ആഘോഷത്തിന് ഏറ്റവും മനോഹരമായ നിറം പകർന്നത് 'Sketch Me' ആയിരുന്നു. അധ്യാപകർ അറിയാതെ അവരുടെ ചിത്രങ്ങൾ വരയ്ക്കുന്നതിനിടെ, ഓരോ വരയോടൊപ്പവും വിദ്യാർത്ഥികൾ അധ്യാപകരെക്കുറിച്ചുള്ള നല്ല ഓർമ്മകളും ചെറിയ പിണക്കങ്ങളും രസകരമായ കുറവുകളും മറക്കാനാകാത്ത അനുഭവങ്ങളും പങ്കുവെച്ചു. ചിരിപ്പിച്ച സംഭവങ്ങൾക്കൊപ്പം ഹൃദയം തൊട്ട ഓർമ്മകളും ചേർന്നപ്പോൾ, വരച്ചത് വെറും ചിത്രങ്ങളായിരുന്നില്ല അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് എഴുതിയ ഒരു ഓർമ്മപ്പുസ്തകമായിരുന്നു.

അറിവ് പകർന്ന അധ്യാപകർക്ക്, ഓർമ്മകൾ കൊണ്ട് വിദ്യാർത്ഥികൾ വരച്ച സ്നേഹത്തിന്റെ ചിത്രം ഇത്തവണത്തെ അധ്യാപകദിനം അങ്ങനെയൊരു മനോഹരമായ തിരിച്ചുനൽകലായി.

# മർക്കസ് വനിതാ കോളേജിൽ 'ഓപ്പറേഷൻ തൂഫാൻ' ലഹരിവിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിച്ചു



**കളമശ്ശേരി:** ലഹരിമുക്ത സമൂഹം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ മർക്കസ് ഇസ്ലാമിക് & ആർട്സ് വനിതാ കോളേജിൽ 'ഓപ്പറേഷൻ തൂഫാൻ: ദി നാർക്കോ ഹണ്ട്' ലഹരിവിരുദ്ധ ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിച്ചു. കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്ത് ലഹരിവിരുദ്ധ പ്രതിജ്ഞയെടുത്തു. ചടങ്ങിന്റെ ഉദ്ഘാടനവും ലഹരിവിരുദ്ധ സന്ദേശപ്രഭാഷണവും ആലുവ എക്സൈസ് സർക്കിൾ ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ സലാഹുദ്ദീൻ സി.കെ. നിർവ്വഹിച്ചു. യുവജനങ്ങളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തെക്കുറിച്ചും, നിയമനടപടികളെക്കുറിച്ചും, ലഹരിക്കെതിരെ സമൂഹം ഒന്നിച്ചുനിൽക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അദ്ദേഹം സംസാരിച്ചു.

ഖുർആൻ പാരായണത്തോടെ ആരംഭിച്ച ചടങ്ങിൽ എസ്.ഇ.എ ജില്ലാ കമ്മിറ്റി പ്രസിഡന്റ് ടി.എം. നാസർ മാസ്റ്റർ പ്രാർത്ഥന നടത്തി. മർക്കസ് കോളേജ് മാനേജർ എ.എം. പരീദ് ആമുഖ പ്രഭാഷണം നടത്തി. സമസ്ത യുവജനസെൽ ജനറൽ സെക്രട്ടറി അലിയാർ കാരുവള്ളി, മർക്കസ് ബോയ്സ് കോളേജ് ജനറൽ സെക്രട്ടറി ബക്കർ പൂക്കാട്ട് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

തുടർന്ന് ചടങ്ങിൽ പങ്കെടുത്തവർ ലഹരി നൽകുന്ന അപകടങ്ങളെക്കുറിച്ച് ബോധവാന്മാരാകുമെന്നും, ലഹരിക്കെതിരെ പോരാടുമെന്നും ഉറപ്പുനൽകുന്ന ലഹരിവിരുദ്ധ പ്രതിജ്ഞ എടുത്തു.

Article

# ശംസുൽ ഉലമ (ന:മ): തലമുറകൾക്ക് വൈജ്ഞാനിക വെളിച്ചം പകർന്നെഴുതിയ പണ്ഡിത വിലാസം

**ഫാത്തിമ റിഫ ടി.ടി**
ദാറുൽ ഹിദായ വിമൻസ് അക്കാദമി, എടപ്പാൾ

കേരളീയ മുസ്‌ലിം നവോത്ഥാന ചരിത്രത്തിലെ നിത്യസുരഭില വസന്തമാണ് ശംസുൽ ഉലമ ഇ.കെ. അബൂബക്കർ മുസ്‌ലിയാർ (ന:മ). മത-ഭൗതിക വിദ്യാഭ്യാസ മേഖലകളിൽ പാണ്ഡിത്യത്തിന്റെ ഗരിമയും ലാളിത്യത്തിന്റെ തനിമയും ഒരുപോലെ നിറഞ്ഞുനിന്ന വ്യക്തിപ്രഭാവമായിരുന്നു ശംസുൽ ഉലമയുടെ ജീവിതം.

നൂറ്റാണ്ടുകൾക്കപ്പുറം അറബ് രാജ്യമായ യമൻ റിപ്പബ്ലിക്കിന്റെ വടക്കൻ പ്രദേശത്തുനിന്ന് കേരളത്തിലെത്തിയ ഒരു പണ്ഡിത പരമ്പരയിലാണ് മഹാനവർകളുടെ ജനനം. ശംസുൽ ഉലമയുടെ പരമ്പര ചെന്നെത്തുന്നത് അബൂബക്കർ സിദ്ദീഖ് (റ) വിലേക്കാണ്.

ബാല്യകാലം മുതൽക്കേ ജനഹൃദയങ്ങളിൽ ഇടം നേടിയ മഹാനവർകളിലൂടെ നിരവധി അതിശയകരമായ കാഴ്ചകൾ സമൂഹത്തിന് അറിയാനും ഗ്രഹിക്കാനും സാധിച്ചു. കേരളീയ മുസ്‌ലിം മതകീയ പരിസരത്ത് പുതിയൊരു താരോദയമായി ശംസുൽ ഉലമയുടെ അധ്യായം പിറവിയെടുക്കുകയായിരുന്നു. യഥാർത്ഥത്തിൽ, നാഥൻ കേരളീയ ദേശത്തിന് കനിഞ്ഞേകിയ പവിഴക്കൊട്ടാരമായിരുന്നു ശംസുൽ ഉലമ അബൂബക്കർ മുസ്‌ലിയാർ (ന:മ) എന്ന് വേണം മനസ്സിലാക്കാൻ.

ചെറുപ്രായത്തിൽ തന്നെ വൈജ്ഞാനികമായ ജീവിതചുറ്റുപാടിലൂടെ വളരാൻ താൽപര്യം കാണിച്ച മഹാനവർകൾ പ്രാഥമിക മതവിദ്യാഭ്യാസം കരസ്ഥമാക്കിയത് പിതാവിൽ നിന്ന് തന്നെയായിരുന്നു. ദർസി ജീവിതത്തിനു ശേഷം ബാഖിയാത്തു സ്വാലിഹാത്തിലേക്ക് ഉന്നതപഠനത്തിനായി പോകാൻ ഒരുങ്ങുന്ന സമയം മഹാനവർകളുടെ പ്രായം വെറും 19 വയസ്സായിരുന്നു. വന്ദ്യഗുരുക്കളുടെയും പിതാവിന്റെയും ആശീർവാദത്തോടെ 19-കാരനായ ശംസുൽ ഉലമ അഡ്മിഷൻ എടുക്കാനായി തമിഴ്നാട്ടിലെ വെല്ലൂർ ബാഖിയാത്തുസ്സ്വാലിഹാത്തിലെത്തി.

മലയാളിയായ ശംസുൽ ഉലമ അന്നേരം ധരിച്ചിരുന്നത് കറുത്ത കുപ്പായമായിരുന്നു. ഉസ്താദുമാർ മഹാനവർകളെ പുറംമോടി നോക്കി വിലയിരുത്തുകയും അഡ്മിഷൻ നൽകാനാവില്ലെന്ന് തീർത്തുപറയുകയും ചെയ്തു. എങ്കിലും, കരുണയുള്ള ചില മുദരിസുമാരുടെ വിട്ടുവീഴ്ചയുടെ അടിസ്ഥാനത്തിൽ ശംസുൽ ഉലമക്ക് പ്രവേശന പരീക്ഷ എഴുതാനുള്ള അവസരം ലഭിച്ചു.

പ്രവേശന പരീക്ഷയിൽ ശൈഖുനാക്ക് നൂറിൽ നൂറ് മാർക്ക് ലഭിച്ചു. ഫലം പ്രഖ്യാപിച്ചതിനുശേഷം ഉസ്താദുമാർ വീണ്ടും പല ചർച്ചകളും നടത്തി. എന്നാൽ, അന്തിമ തീരുമാനം തികച്ചും വ്യത്യസ്തമായിരുന്നു. കറുപ്പ് കുപ്പായം ധരിച്ചെത്തിയ ശംസുൽ ഉലമക്ക് കോളേജിൽ അഡ്മിഷൻ നൽകേണ്ടതില്ല എന്നതായിരുന്നു തീരുമാനം. അങ്ങനെ ബാഖിയാത്തിലെ ഉസ്താദുമാർ കാര്യങ്ങളൊക്കെ മഹാനവർകളെ പറഞ്ഞു ബോധിപ്പിച്ചു. അതീവ ദുഃഖത്തോടെയാണ് മഹാനവർകൾ ഈ വാർത്ത അറിഞ്ഞത്. ബ്ലാക്ക് ഷർട്ട് ധരിച്ചതിന്റെ പേരിൽ ഉപരിപഠനത്തിനുള്ള അവസരം നിഷേധിക്കപ്പെട്ട് ബാഖിയാത്തിൽനിന്നും ശംസുൽ ഉലമ തിരിച്ചുമടങ്ങുമ്പോൾ ഗേറ്റിന്റെ ചുമരിൽ ഇങ്ങനെ എഴുതിവെക്കുകയുണ്ടായി:

"സുബ്ഹാന മൻ ഖലഖൽ അഹ്നാഫ മിൻ നജസിന, വശാഫിഇയ്യത്ത മിൻ മാഇൻ വത്വീനി."

ഈ വരികളുടെ വിവക്ഷ ഇങ്ങനെയായിരുന്നു: "ഷാഫിഈയെ ശുദ്ധിയുള്ള വെള്ളത്തിൽ നിന്നും മണ്ണിൽ നിന്നും ഹനഫിയെ നജസ്സിൽ നിന്നും സൃഷ്ടിച്ച തമ്പുരാൻ എത്ര പരിശുദ്ധൻ !". അതായത്, ഷാഫിഈ മദ്ഹബ് പ്രകാരം ശുക്ലം ശുദ്ധിയുള്ളതാണ്. എന്നാൽ ഹനഫി മദ്ഹബിൽ അത് അശുദ്ധമാകുന്നു.20 വയസ്സ് തികയാത്ത ശംസുൽ ഉലമ (ന:മ) യുടെ ജ്ഞാനത്തിന്റെ ആഴവും ബുദ്ധിവൈഭവവും ചിന്താവിശാലതയും തിരിച്ചറിഞ്ഞ കോളേജ് പ്രിൻസിപ്പൽ മഹാനവർകളെ കോളേജിലേക്ക് തിരിച്ചുവിളിക്കുകയും അഡ്മിഷൻ നൽകുകയും ചെയ്തു. ഇതായിരുന്നു കേരളീയ ജനതയുടെ അഭിമാനമായ പണ്ഡിതവിലാസം — ശംസുൽ ഉലമ ഇ.കെ. അബൂബക്കർ മുസ്‌ലിയാർ.

മഹാനവർകളുടെ ജീവിതത്തിലെ മറ്റൊരു അനുഭവം ഇങ്ങനെയായിരുന്നു. ഒരു പരീക്ഷാകാലഘട്ടം. വിദ്യാർത്ഥികളെല്ലാം പഠനത്തിൽ മുഴുകിയിരിക്കുന്ന സമയം. ഒടുവിൽ പരീക്ഷയുടെ തലേദിവസം വന്നെത്തി. അന്നേരം ശംസുൽ ഉലമ പുറത്ത് ഇരിക്കുകയായിരുന്നു. മറ്റു വിദ്യാർത്ഥികൾ മഹാനവർകളെ പരിഹസിച്ചു. ഒടുവിൽ ഫലപ്രഖ്യാപനം വന്നെത്തി. ഒന്നാം റാങ്കോടുകൂടി ഏറ്റവും മികച്ച വിജയം കരസ്ഥമാക്കി ഒന്നാം സ്ഥാനത്ത് ശംസുൽ ഉലമ എത്തി. കോളേജിന്റെ അഭിമാനതാരമായി മഹാനവർകൾ മാറി.

മറ്റു വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അത് തികച്ചും അതിശയകരമായിരുന്നു. കാരണം, പരീക്ഷയുടെ തലേദിവസം പോലും പഠനത്തിൽ മുഴുകിയിരിക്കുന്നതായി മഹാനവർകളെ അവർ കണ്ടിരുന്നില്ല. അതുതന്നെയാണ് ഫലപ്രഖ്യാപനത്തിൽ എല്ലാവരെയും അത്ഭുതപ്പെടുത്തിയത്. ഈ സന്ദർഭത്തിലൂടെ ശംസുൽ ഉലമ എത്രമാത്രം വിസ്മയാത്മകമായ പ്രതിഭയായിരുന്നു എന്ന് നമുക്ക് ഗ്രഹിക്കാൻ സാധിക്കും.

ശംസുൽ ഉലമ ഇ. കെ അബൂബക്കർ മുസ്‌ലിയാർ എന്ന നാമം കേൾക്കുമ്പോൾ സുപരിചിതമല്ലാത്തവർ കുറവായിരിക്കും. അത്രമേൽ പൊതുസമൂഹത്തിൽ ആഴത്തിൽ വേരൂന്നിയ വ്യക്തിത്വമായിരുന്നു ശംസുൽ ഉലമയുടേത്. . മുസ്‌ലിം ഉമ്മത്തിന് മാതൃകയാണ് മഹാനവർകൾ. എത്ര വർണ്ണിച്ചാലും മതിയാകാത്തത്ര മഹാനവർകൾ പടുത്തുയർത്തിയ ജ്ഞാനവിപ്ലവം ഒരുപാട് ചിന്തകൾക്കും പഠനങ്ങൾക്കും വിധേയമാക്കാൻ മാത്രം ആഴമേറിയതാണ്. മഹാനവർകളുടെ ജീവിതവും വൈജ്ഞാനിക സംഭാവനകളും വരുംതലമുറകൾക്ക് എന്നും പ്രചോദനമായി നിലനിൽക്കട്ടെ.

## SNEC UPCOMING

- Last Date for Entering University Admission Details in the Portal - 15 September
- Expert Talk - September 16
  SHARI'A Plus, SHE Plus Cascading - September 22
- SHARI'A, SHE Cascading - September 23

SAMASTHA National Education Council
Central office, Samastha Karyalayam, Francis Road, Kozhikode-03
@samasthanec@gmail.com

YEARS 3+
STREAMS 12
INSTITUTIONS 55+
STUDENTS 4500+
FACULTIES 350+